**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **07-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയെ ഏറ്റവും പ്രധാനമായി പരിഗണിച്ചുകൊണ്ട് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന ബൃഹത് പദ്ധതിയിലൂടെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പാലക്കാട് ജില്ലയിലെ എത്ര സ്കൂളുകളെയാണ് പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സ്കൂളുകളാണ് അവ എന്നും വിശദമാക്കാമോ; | (എ) | ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂളിനെ തിരഞ്ഞെടുത്ത് കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെയുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയിലുൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ 12 സ്കൂളുകളുടെ വിവരങ്ങൾ ചുവടെ പറയുന്നു. 1. ജി.വി.എച്ച്.എസ്.എസ്, വട്ടേനാട് 2. ഗവ. ജനതാ എച്ച്.എസ്എസ്, നടുവട്ടം 3. ജി.വി.എച്ച്.എസ്.എസ്, ചെർപ്പുളശ്ശേരി 4. എം.എൻ.കെ.എം.ഗവ.എച്ച്.എസ്.എസ്, പുലാപ്പറ്റ 5. ജി.വി.എച്ച്.എസ്.എസ്, പത്തിരിപ്പാല. 6. ജി.വി.എച്ച്.എസ്.എസ്, അലനല്ലൂർ 7. ജി.എ.പി.എച്ച്.എസ്.എസ്. എലപ്പുള്ളി 8. ജി. എച്ച്.എസ്.എസ്. ബിഗ്ബസാർ, പാലക്കാട് 9. ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി. 10. ജി.ബി.എച്ച്.എസ്.എസ്, ചിറ്റൂർ 11. ജി.ബി.എച്ച്.എസ്.എസ്, നെന്മാറ 12. ജി.എച്ച്.എസ്.എസ്, കിഴക്കഞ്ചേരി |
| (ബി) | കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ രണ്ട് സ്കൂളുകളുടെ പ്രവൃത്തി നാളിതുവരെയായിട്ടും എന്തുകൊണ്ടാണ് ആരംഭിക്കാത്തത് എന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ജി.എച്ച്.എസ്.എസ്, കടമ്പൂർ, ജി.എച്ച്.എസ്. എസ്, ഒറ്റപ്പാലം എന്നീ സ്കൂളുകളെ 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായുള്ള എസ്പിവിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കടമ്പൂർ ജി.എച്ച്.എസ്.എസിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. ഒറ്റപ്പാലം ജി.എച്ച്.എസ്.എസിന്റെ ഡിപിആർ പുന പരിശോധനയ്ക്കായി കിഫ്ബി എസ്.പി.വിയായ കിലയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. ഇക്കാരണത്താലാണ് ടി രണ്ട് സ്കൂളുകളുടെ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തത്. |

സെക്ഷൻ ഓഫീസർ